# Handbook for

# Bhashamrutham

## Std-2

RAINBOW PUBLISHERS PVT. LTD.
Value Education

IX/14-15, Kakkanad-Pallikkara Road, Athani, Kusumagiri P.O., Kakkanad, Kochi-682 030.
Phone: 0484-2429261, 9072391869, 8594040422

## ഭാഷ

മനുഷ്യരുടെ ആന്തരികവും ബാഹ്യവും ആയ ജീവിതത്തിന്റെ പ്രധാന ഘടകമാണ് ഭാഷ. ആശയവിനിമയത്തിനുള്ള സ്വഭാവികമായ ഉപാധിയാണ് 'ഭാഷ' എന്നതിനപ്പുറം ജീവിതത്തിന്റെ സമസ്തതലങ്ങളുമായി അത് ബന്ധപ്പെട്ടിരിക്കുന്നു.

- ❖ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകം ഭാഷയാണ്. അതിനനുസരണമായി ഭാഷാധ്യാപനത്തിന് വ്യക്തമായ ചില ലക്ഷ്യങ്ങളുണ്ട്. വിദ്യാഭ്യാസം കൊണ്ട് എന്താണോ ലക്ഷ്യമാക്കുന്നത് ആ ലക്ഷ്യം നേടാൻ പ്രയോജനപ്പെടുന്ന മാർഗ്ഗങ്ങൾ അധ്യാപന സമ്പ്രദായത്തിൽ സ്വീകരിക്കണം.
- ❖ ശബ്ദമാണ് ഭാഷയുടെ സ്വാഭാവികവും അടിസ്ഥാനപരവുമായ രൂപം. ഉച്ചരിക്കുന്ന ശബ്ദമായ 'വർണ്ണ'ത്തെ സൂചിപ്പിക്കുന്ന രേഖാസങ്കേതമാണ് ലിപി.
- ❖ മനുഷ്യൻ ഉച്ചരിക്കുന്ന ശബ്ദങ്ങളുടെ ലിഖിതസങ്കേതമാണ് അക്ഷരങ്ങൾ. അക്ഷരം എഴുതാൻ സ്വീകരിക്കുന്ന രേഖയാണ് ലിപി.
- ❖ അക്ഷരത്തിന്റെ ശരീരം ലിപിയും ആത്മാവ് ഉച്ചാരണവും ആകുന്നു.

## മാതൃഭാഷ

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനശിലയാണ് മാതൃഭാഷ. മാതൃഭാഷയിൽ ശരിയായ അറിവ് ഉണ്ടാകാത്തിടത്തോളം വിദ്യാഭ്യാസം പൂർണ്ണമായി എന്നു കരുതാൻ സാധ്യമല്ല. ശിശുവിന് മാതാവിന്റെ മുലപ്പാൽ എങ്ങനെയാണോ അതുപോലെയാണ് വിദ്യാർത്ഥികൾക്ക് മാതൃഭാഷ യെന്ന് മഹാകവി രവീന്ദ്രനാഥടാഗോർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം<br>
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം<br>
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ<br>
സമ്മേളിച്ചീടുന്നതൊന്നാമതായ്?

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!<br>
മർത്യനു പെറ്റമ്മ തൻഭാഷതാൻ.

മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ<br>
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ.<br>
അമ്മതാൻ തന്നേ പകർന്നു തരുമ്പോഴേ<br>
നമ്മൾക്കമൃതുമമൃതായ് തോന്നൂ!



ഏതൊരു വേദവുമേതൊരു ശാസ്ത്രവു-<br>
മേതൊരു കാവ്യവുമേതൊരാൾക്കും<br>
ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷതൻ<br>
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം!

മാതൃഭാഷയുടെ മഹത്വം മഹാകവി വള്ളത്തോൾ ഉദ്ഘോഷിക്കുന്നു. ഇതിൽനിന്നും മൂന്നുകോടി ജനങ്ങൾ സംസാരിക്കുന്ന നമ്മുടെ മാതൃഭാഷ മലയാളത്തിന്റെ പ്രാധാന്യം, മഹിമ വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ ഇതര വിഷയങ്ങളിൽ/ഭാഷകളിൽനിന്ന് വ്യത്യസ്തമായ സമീപനമാണ് ഭാഷാധ്യാപനത്തിൽ സ്വീകരിക്കേണ്ടത്.

ആശയവിനിമയോപാധി, സാഹിത്യമാധ്യമം എന്നീ നിലകളിൽ നിന്ന് ഭാഷാപ്രയോഗക്ഷമതയിൽ എത്തിച്ചേരുക എന്നതാണ് ഭാഷാധ്യാപനത്തിന്റെ ആത്യന്തികലക്ഷ്യം.

ശ്രവണം<br>
ഭാഷണം<br>
വായന<br>
ലേഖനം

എന്നീ നൈപുണികൾ സ്വയത്തമാക്കുക ഭാഷയിൽ പ്രാവീണ്യം നേടുക.

- ❖ സാഹിത്യം ആസ്വദിക്കുക.
- ❖ സന്ദർഭാനുസരണം നൂതനപദങ്ങളുടെ പ്രയോഗം
- ❖ സ്വന്തമായ ഭാഷാശൈലി രൂപപ്പെടുത്തുക

## പ്രാഥമികതലം/പ്രൈമറിതലം

- ❖ വിദ്യാഭ്യാസത്തിലെ പ്രധാനഘട്ടമാണ് പ്രാഥമികഘട്ടം/പ്രൈമറിതലം.
- ❖ മാതാപിതാക്കൾ, കുടുംബാംഗങ്ങൾ, മറ്റുള്ളവർ സംസാരിക്കുന്നത് കേട്ടും അനുകരിച്ചും കുട്ടികൾ ഭാഷാപഠനം ആരംഭിക്കുന്നു.
- ❖ കുട്ടിയുടെ ആശയങ്ങളും ശബ്ദങ്ങളും പരിമിതമായിരിക്കുന്ന ഈ സാഹചര്യത്തിൽ, പ്രൈമറി വിദ്യാഭ്യാസത്തിൽ ഭാഷാപരമായ നല്ല ശീലങ്ങൾ വളർത്തേണ്ട ഉത്തരവാദിത്വം ഓരോ ഭാഷാധ്യാപകനും ഉണ്ട്.
- ❖ ഭാഷയുടെ ശരിയായ രൂപം കുട്ടികളിൽ ഉറപ്പിക്കണം.
- ❖ തെറ്റുകൂടാതെ സംസാരിക്കുവാനും വായിക്കാനും എഴുതാനും ഉള്ള കഴിവ് കുട്ടികൾക്ക് ഉണ്ടാകണം.

- ❖ സാഹിത്യാസ്വാദനത്തിനുള്ള പ്രാരംഭ പരിശീലനവും കുട്ടികൾ നേടണം.
- ❖ വ്യാകരണസംബന്ധമായ അടിസ്ഥാന അറിവുകൾ നേടാൻ ശ്രമിക്കണം.

## ഭാഷാധ്യാപനരീതികൾ – പ്രാഥമികതലം

- ❖ വസ്തുബോധ പഠനം ഭാഷാഭ്യസനത്തിൽ പ്രാധാന്യം അർഹിക്കുന്നു.
- ❖ അനുകരണം/ ആവർത്തനം പഠനത്തെ സഹായിക്കുന്നു.
- ❖ ചിത്രവായന, ചിത്രരചന എന്നിവയിൽനിന്ന് ആശയങ്ങൾ ഗ്രഹിക്കാനും പ്രകടിപ്പിക്കാനും കഴിയും.
- ❖ കളിരീതികളിലൂടെ പഠനം:
    - കുട്ടികൾ കളി ഇഷ്ടപ്പെടുന്നു.
    - അനുകരണം, ശേഖരണം, മാത്സര്യം എന്നിവ കളികളിൽ അന്തർഭവിച്ചിരിക്കുന്നു.
    - സാമൂഹികമായ വളർച്ചയ്ക്കു കാരണമാകുന്നു.
    - ബുദ്ധി വികസിക്കുന്നു.
    - കായികവികാസത്തിന് കാരണമാകുന്നു.
- ❖ പ്രൈമറി ക്ലാസ്സിനു യോജിച്ച ചില കളികൾ:
    1. അനേകം വസ്തുക്കൾ/ ആശയങ്ങൾ അടങ്ങിയ ഒരു ചിത്രം കുട്ടികളെ കാണിക്കണം.
        - ഒരേ അക്ഷരം വരുന്ന വസ്തുക്കൾ കണ്ടെത്തുക.
        - ആശയങ്ങൾ- കഥാരൂപത്തിലാക്കുവാൻ ആവശ്യപ്പെടുക.
        - പദാർത്ഥങ്ങളുടെ പേര് കണ്ടെത്തുക.
    2. അക്ഷരങ്ങൾ കാർഡുരൂപത്തിലാക്കുക. കാർഡിലുള്ള അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളോട് ആവശ്യപ്പെടുക.
    - ബോർഡിൽ വാക്കുകൾ/ വാക്യം എഴുതുക. എഴുതിയ വാക്യം ഉറക്കെ വായിക്കുക. അല്പസമയം കഴിഞ്ഞ് ബോർഡിൽനിന്ന് വാക്കുകൾ



നീക്കം ചെയ്യണം. ഇനി കുട്ടികളോട് അത് കണ്ടെത്താൻ പറയണം.

- വാക്യത്തിന്റെ ക്രമംതെറ്റി എഴുതുക. ക്രമത്തിലെഴുതുക.
- പദസൂര്യൻ/ അക്ഷരസൂര്യൻ... തുടങ്ങി നിരവധി മാതൃകകൾ കണ്ടെത്തുക.

കുട്ടികളെ പഠനത്തിൽ താൽപ്പര്യം ഉണർത്താൻ സഹായിക്കുക. സമഗ്രവും നിരന്തരവുമായ മൂല്യനിർണ്ണയത്തെ മുൻനിർത്തിയുള്ള പാഠ്യപദ്ധതിയിലൂടെ പഠിതാവിന്റെ പരിപൂർണ്ണമായ കഴിവ് വളർത്താൻ ഓരോ അധ്യാപികയ്ക്കും കഴിയട്ടെ.

## മലയാള അക്ഷരമാല

മലയാളഭാഷയിലെ അക്ഷരമാലയിൽ 15 സ്വരങ്ങളും 36 വ്യഞ്ജനങ്ങളും ചേർന്ന് 51 അക്ഷരങ്ങളാണ് ഉള്ളത്.

**സ്വരാക്ഷരങ്ങൾ** (vowels)

അ ആ ഇ ഈ ഉ ഊ ഋ എ ഏ ഐ
ഒ ഓ ഔ അം അഃ

**ഹ്രസ്വമായ ഉച്ചാരണം**: അ ഇ ഉ ഋ എ ഒ

**ദീർഘമായ ഉച്ചാരണം**: ആ ഈ ഊ ഏ ഓ ഐ ഔ

**വ്യഞ്ജനങ്ങൾ** (consonants)

| വർഗ്ഗം | ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം |
|---|---|---|---|---|---|
| 'ക' വർഗ്ഗം | ക | ഖ | ഗ | ഘ | ങ |
| 'ച' വർഗ്ഗം | ച | ഛ | ജ | ഝ | ഞ |
| 'ട' വർഗ്ഗം | ട | ഠ | ഡ | ഢ | ണ |
| 'ത' വർഗ്ഗം | ത | ഥ | ദ | ധ | ന |
| 'പ' വർഗ്ഗം | പ | ഫ | ബ | ഭ | മ |

യ ര ല വ ള ഴ റ → മാധ്യമങ്ങൾ
ശ ഷ സ → ഊഷ്മാക്കൾ
ഹ → ഘോഷി

# പാഠം 1 എന്റെ വീട്

## പഠനലക്ഷ്യങ്ങൾ

* കവിതയുടെ ഈണവും താളവും കണ്ടെത്തുന്നു.
* കവിത അവതരിപ്പിക്കുന്നു.
* ആശയം മനസ്സിലാക്കുന്നു.
* ലഘുകവിതകൾ കുട്ടികൾ സ്വയം തയ്യാറാക്കുന്നു.
* 'എന്റെ വീട്' - സൗഹൃദാന്തരീക്ഷം തിരിച്ചറിയുന്നു.
* കവിത മനഃപാഠമാക്കുന്നതിനുള്ള കഴിവുണ്ടാകുന്നു.

## പഠനാവതരണം

കുട്ടികളോട് അവരുടെ 'വീട്' വരക്കാൻ അധ്യാപിക നിർദ്ദേശിക്കുന്നു. ഏറ്റവും നന്നായി വരച്ച കുട്ടികളെ അഭിനന്ദിക്കുകയും, കുട്ടികൾ വരച്ച ചിത്രങ്ങൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്യണം. വീട്ടിലെ അംഗങ്ങളെപ്പറ്റി ചോദിക്കുകയും, കുട്ടികളുടെ വിശദീകരണങ്ങൾ ക്രോഡീകരിക്കുകയും 'എന്റെ വീട്' എന്ന ലഘുകവിത അവർക്കു മുൻപിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ആശയം മനസ്സിലാക്കി കവിത ആസ്വദിക്കുവാൻ അധ്യാപിക കുട്ടികളെ സഹായിക്കുന്നു.

* പിറന്ന വീടിന്റെ സൗന്ദര്യവും നൻമയും തിരിച്ചറിയുന്നു.
* അച്ഛനും അമ്മയും ചേട്ടനും ചേച്ചിയും നിറഞ്ഞ വീട്.
* സ്വർഗ്ഗം, സ്നേഹം എന്നീ വിശേഷണങ്ങൾ വീടിനു നൽകിയിരിക്കുന്നു.
* 'കൂട്ടുകുടുംബം - അണുകുടുംബം' വ്യത്യാസങ്ങൾ കണ്ടെത്താൻ കുട്ടികളെ സഹായിക്കണം.
* 'വീട് - ഒരു സ്വർഗ്ഗം' എന്ന അനുഭവം സൃഷ്ടിക്കണം.



# പഠനപ്രവർത്തനങ്ങൾ

## പാഠപുസ്തകം


* **പദങ്ങൾ പിരിക്കാം... എഴുതാം:**
  - അമ്മയുണ്ട് : അമ്മ + ഉണ്ട്
  - അച്ഛനുണ്ട് : അച്ഛൻ + ഉണ്ട്
  - സ്നേഹമാണ് : സ്നേഹം + ആണ്
  - സ്വർഗ്ഗമാണ് : സ്വർഗ്ഗം + ആണ്

* **ഉത്തരങ്ങൾ:**
  - അച്ഛൻ, അമ്മ, ചേട്ടൻ, ചേച്ചി.
  - ഞാൻ പിറന്ന വീട് സ്വർഗ്ഗമാണ്, സ്നേഹമാണ്.

* **എന്റെ വീട് പൂർത്തിയാക്കാം. വീട്ടിൽ ആരൊക്കെയുണ്ട്? കണ്ടെത്തിയെഴുതുക:**
  - കുടുംബാംഗങ്ങളുടെ പേരെഴുതുക.

* **ഉചിതമായവ യോജിപ്പിക്കുക:**
  - വീട് : ആലയം, ഭവനം, ഗൃഹം
  - അച്ഛൻ : പിതാവ്, താതൻ, ജനകൻ
  - അമ്മ : മാതാവ്, ജനനി, തായ

* **പദസൂര്യൻ:**



**അഭ്യാസപുസ്തകം**

✻ **ശരിയായ അക്ഷരം**:

- അച്ഛൻ
- സ്നേഹം
- പിറന്ന
- ചേച്ചിയുണ്ട്

✻ **പകരം പദം**:

- ജനിച്ച ദിവസം മുതൽ എന്നെ സ്നേഹിക്കുന്ന അമ്മ.
- കഥ പറയുന്ന അച്ഛനെ എനിക്കിഷ്ടം ആണ്.

✻ **സമാനപദം**:

- വീട് ↔ നിലയം ↔ ആലയം
- അച്ഛൻ ↔ താതൻ ↔ ജനകൻ
- അമ്മ ↔ മാതാവ് ↔ ജനനി

✻ **കണ്ടെത്താം; എഴുതാം**:

- വീടിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ കുട്ടികൾ കണ്ടെത്തി എഴുതട്ടെ.
- വിവിധ വീടുകളുടെ ചിത്രങ്ങൾ ശേഖരിക്കുക.
- കുടുംബാംഗങ്ങളുടെ പേരെഴുതുക.

## പാഠം 2 കൊച്ചുതോണി

### പഠനലക്ഷ്യങ്ങൾ

✻ കഥ ആശയം ഗ്രഹിക്കുന്നു.
✻ കഥ പറയാൻ കഴിയുന്നു.
✻ ആശയങ്ങൾ സ്വന്തം രീതിയിൽ ആവിഷ്ക്കരിക്കുന്നു.
✻ ഉചിതമായ ശീർഷകം/തലക്കെട്ട് കണ്ടെത്തുന്നു.
✻ കഥാപാത്രങ്ങൾ/സന്ദർഭങ്ങൾ ചിത്രീകരണം നടത്തുന്നു.
✻ ഗുണപാഠം മനസ്സിലാക്കുന്നു.

### പഠനാവതരണം

✻ സൗഹൃദത്തിന്റെ നൻമകൾ അവതരിപ്പിച്ചുകൊണ്ട് അധ്യാപിക കുട്ടികളോട് അവരുടെ അടുത്ത ചങ്ങാ



ത്തത്തെക്കുറിച്ചും, ചങ്ങാതിയെക്കുറിച്ചും അന്വേഷിക്കുകയും വിവരങ്ങൾ പങ്കുവയ്ക്കുകയും ചെയ്യണം. കുട്ടികൾ അവരുടെ ഓരോരുത്തരുടെയും സൗഹൃദത്തിന്റെ സവിശേഷതകൾ അവതരിപ്പിക്കട്ടെ. സൗഹൃദത്തിന്റെ/ ഒത്തൊരുമയുടെ- നൻമ, ബലം എന്നിവ അവർ കണ്ടെത്തട്ടെ.

✻ 'കൊച്ചുതോണി' എന്ന കഥ കുട്ടികൾക്ക് മുൻപിൽ പരിചയപ്പെടുന്നുന്നതിനുമുൻപായി 'ഐകമത്യം മഹാബലം' എന്ന ആശയം വരുന്ന മറ്റൊരു കഥ അധ്യാപികയ്ക്ക് പറയാം.

✻ 'വേടന്റെ വലയിൽ കുടുങ്ങിയ കിളികൾ ഒരുമിച്ച് പറന്നുയർന്നു രക്ഷപെട്ട' കഥ.

- സൗഹൃദത്തിന്റെ നൻമ മനസ്സിലാക്കുന്നു.
- ഒരുമിച്ചുനിന്നാൽ എന്തും നേടാൻ കഴിയും എന്ന തിരിച്ചറിവ്.
- 'ഐകമത്യം മഹാബലം' എന്ന ഗുണപാഠത്തിന്റെ ആശയം ഉൾക്കൊള്ളുന്നു.

## പഠനപ്രവർത്തനങ്ങൾ

**പാഠപുസ്തകം**

✻ **അർത്ഥം**:

- പരസ്പരം = തമ്മിൽ തമ്മിൽ
- ഉപായം = പോംവഴി
- സാവധാനം = പതുക്കെ
- പരിഹസിക്കുക = കളിയാക്കുക
- സ്വരം = ശബ്ദം

✻ **ഉത്തരങ്ങൾ**:

1. തവളയും ചുണ്ടെലിയും ഈച്ചയും ഉറുമ്പും ആണ് നടക്കാനിറങ്ങിയത്.

2. അവർ നദിക്കരയിലാണ് എത്തിയത്.
3. കൂട്ടുകാർ കൊച്ചുതോണിയിൽ വരുന്നത് കണ്ടപ്പോൾ തവള നാണിച്ചുപോയി.
4. കൂട്ടുകാരെ വിട്ട് തവള ഒറ്റയ്ക്ക് പുഴയിലേക്ക് എടുത്ത് ചാടിയപ്പോൾ തവളയോടു കൂട്ടുകാർക്കു ദേഷ്യം തോന്നി.

* **പിരിച്ചെഴുതുക**:
    - നടക്കാനിറങ്ങി : നടക്കാൻ + ഇറങ്ങി
    - തലയാട്ടി : തല + ആട്ടി

* **ചേർത്തെഴുതുക**:
    - നദി + കര : നദിക്കര
    - ഒറ്റ + ചാട്ടം : ഒറ്റച്ചാട്ടം

### അഭ്യാസപുസ്തകം

* **ശരിയായ വാക്ക്**: • ഉപായം • സാവധാനം
* **ശരിയായ ഉത്തരം**: • ചുണ്ടെലി • തവള
* **അടിവരയിട്ട പദത്തിനു പകരം പദം**:

നദി → • പുഴ • ആറ് • തടിനി

തോണി → • വഞ്ചി • വള്ളം • നൗക

* **ഉത്തരങ്ങൾ**:
1. നടക്കാനിറങ്ങിയ കൂട്ടുകാർ നദിക്കരയിൽ എത്തിച്ചേർന്നു.
2. തവള. കൂട്ടുകാർ കൊച്ചുതോണിയിൽ വരുന്നതു കണ്ടപ്പോൾ തവള നാണിച്ചുപോയി.
3. ഐകമത്യം മഹാബലം.
   ഒരുമയുണ്ടെങ്കിൽ ഉലക്കപ്പുറത്തും കിടക്കാം.

* **കഥയുടെ ശീർഷകം മാറ്റുക.**
    - കഥയുടെ അന്ത്യം ഭാവനക്കനുസരിച്ച് മാറ്റിപ്പറയുക.
    - പഴഞ്ചൊല്ലുകൾ കണ്ടെത്തുക; ആശയം കണ്ടെത്തി പ്പറയുക.



## പാഠം 3 കളിയാടീടാൻ വരുമോ നീ?

### പഠനലക്ഷ്യങ്ങൾ

* കവിത - ഈണവും താളവും കണ്ടെത്തുന്നു.
* ആശയം മനസ്സിലാക്കുന്നു, ആസ്വദിക്കുന്നു.
* കഥാരൂപത്തിലാക്കുന്നു.
* ശീർഷകത്തിന്റെ ഔചിത്യം മനസ്സിലാക്കുന്നു.
* 'സമയം വിലപ്പെട്ടതാണ്' - തിരിച്ചറിയുന്നു. വെറുതെ സമയം കളയാതെ അവരവരുടെ ജോലികൾ ചെയ്യുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതാണ് ഈ കവിത.

### പഠനാവതരണം

* 'എന്റെ അവധിദിനം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സിൽ ഒരു പ്രസംഗമത്സരം നടത്താം. നാല് ഗ്രൂപ്പായി തിരിച്ച് ഗ്രൂപ്പിൽ വിഷയം ചർച്ച ചെയ്യുകയും, ഗ്രൂപ്പിലെ ഒരു പ്രതിനിധി അവർ കണ്ടെത്തിയ കാര്യങ്ങൾ പ്രസംഗരൂപത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ഏറ്റവും നന്നായി അവതരിപ്പിച്ച ഗ്രൂപ്പിനെ അഭിനന്ദിക്കുകയും സമയം പാഴാക്കാതെ മാതൃകപരമായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താമെന്ന് അധ്യാപിക കുട്ടികൾക്കു മുൻപിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

- കവിത ഈണത്തിൽ ചൊല്ലുന്നു.
- കുട്ടികൾ സ്വയം ആശയം കണ്ടെത്തിപ്പറയുന്നു.
- സമയം നഷ്ടപ്പെടുത്താതെ അവരവരുടെ കർമ്മങ്ങൾ പൂർത്തിയാക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.
- വിദ്യാർത്ഥികളുടെ കർത്തവ്യം തിരിച്ചറിയുന്നു.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

* **സമാനപദം**:
    - ചമയ്ക്കുക = ഉണ്ടാക്കുക

- നുകരുക = കുടിക്കുക
- കാക്കാൻ = കാവൽ ഇരിക്കാൻ
- കളിയാടീടാൻ = കളിക്കാൻ
- വേല = ജോലി

✻ **പര്യായം**:

- പൂവ് : മലർ, പുഷ്പം, സുമം, കുസുമം
- കിളി : ഖഗം, പക്ഷി, പറവ, പതംഗം

✻ **ഉത്തരങ്ങൾ**:

1. പൈങ്കിളിയേയും, വണ്ടത്താനേയും ചെറുനായയെയുമാണ് ചെറുപയ്യൻ കളിക്കാൻ വിളിക്കുന്നത്.
2. ചെറുനായ യജമാന്റെ വാതിലാണ് കാക്കുന്നത്.
3. എല്ലാവരും വേലക്കു പോയപ്പോൾ ചെറുപയ്യൻ കളരിയിൽ പോയി.
4. വണ്ടത്താൻ പൂക്കളിലെ തേൻ നുകരാൻ പോകുന്നു.

✻ **ശരിയായ ഉത്തരങ്ങൾ**:

1. പൈങ്കിളി 2. ചെറുപയ്യൻ 3. വണ്ടത്താൻ

## അഭ്യാസപുസ്തകം

✻ **വാക്യനിർമ്മാണം**:

- പൈങ്കിളി കൂടുചമയ്ക്കാൻ പോകുന്നു.
- വണ്ടത്താൻ തേൻ നുകരാൻ പോകുന്നു.
- ചെറുനായ വാതിലു കാക്കാൻ പോകുന്നു.
- ചെറുപയ്യൻ കളരിയിൽ പോകുന്നു.

✻ **ഒറ്റവാക്കിൽ ഉത്തരമെഴുതുക**:

1. ചെറുനായ 2. കളരിയിൽ 3. വണ്ടത്താൻ
4. കളിയാടീടാൻ വരുമോ നീ?



✻ **പാഠത്തിൽനിന്നും പകരം പദം കണ്ടെത്തുക**:

- ജോലി ⇢ വേല
- മധു ⇢ തേൻ
- ശ്വാനൻ ⇢ നായ
- സുമം ⇢ പൂവ്

✻ **ഉത്തരങ്ങൾ**:

1. എല്ലാവരും വേലക്കു/ജോലിക്കു പോയപ്പോൾ ചെറുപയ്യൻ കളരിയിൽ പോയി.
2. പൈങ്കിളിയേയും, വണ്ടത്താനേയും ചെറുനായയെയുമാണ് ചെറുപയ്യൻ കളിക്കാൻ വിളിക്കുന്നത്.

✻ **സംഭാഷണം പൂർത്തിയാക്കാം**:

- അഭിനയിക്കാം.
- ക്ലാസ്സിലെ കുട്ടികളിൽനിന്ന് ചെറുപയ്യനും വണ്ടത്താനും പൈങ്കിളിയും ചെറുനായയും ആയി അഭിനയിക്കേണ്ടവരെ തെരഞ്ഞെടുക്കാം.
- അവർ കവിത സംഭാഷണരൂപത്തിലാക്കട്ടെ.
- അവതരണം ഭംഗിയാക്കാൻ അധ്യാപികയുടെ ഇടപെടൽ ഉണ്ടാകണം.

✻ **ഇഷ്ടപ്പെട്ട വളർത്തുമൃഗം**:

- ഉദാ: നായ, പൂച്ച, ആട്, പശു, ....
- ഇവയിലേതെങ്കിലും ഒന്നിനെപറ്റിയുള്ള വിവരണം കുട്ടികൾ സ്വയം അന്വേഷിച്ചു കണ്ടെത്തട്ടെ.
- ചിത്രം ശേഖരിക്കുക.

✻ **ചില്ലക്ഷരങ്ങൾ**:

- സ്വരയോഗം കൂടാതെ നിൽക്കുന്ന/ഉച്ചരിക്കാൻ കഴിയുന്ന വ്യഞ്ജനങ്ങളാണ് ചില്ലക്ഷരങ്ങൾ.
- ൺ, ൻ, ർ, ൾ, ൽ

## പാഠം 4 കൊക്കും ചെന്നായയും

**പഠനലക്ഷ്യങ്ങൾ**

✻ കഥ പറയാൻ അറിയുന്നു.

* കഥ വായിച്ച് ആശയം മനസ്സിലാക്കുന്നു.
* ആശയം ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.
  ആശയം വ്യക്തമായി പറയുന്നു.
* സ്വന്തം ഭാവനയ്ക്കനുസരിച്ച് കഥകൾ തയ്യാറാക്കുന്നു.
* ശീർഷകം/കഥ മാറ്റി എഴുതുന്നു.

### പഠനാവതരണം

* കുട്ടികൾക്ക് പഴഞ്ചൊല്ലുകൾ വളരെ ഇഷ്ടമാണ്.
  - 'ആന കൊടുത്താലും ആശ കൊടുക്കരുത്'.
  - 'പാലം കടക്കുവോളം നാരായണ നാരായണ പാലം കടന്നാൽ പിന്നെ കൂരായണ കൂരായണ'.

ഈ പഴഞ്ചൊല്ലുകൾ ചാർട്ടിലിടുക. അല്ലെങ്കിൽ ബോർഡിൽ പ്രദർശിപ്പിക്കുക. ആശയം കണ്ടെത്താൻ അധ്യാപികയ്ക്ക് കുട്ടികളെ സഹായിക്കാം.

  - എത്ര നഷ്ടം വന്നാലും മറ്റുള്ളവരെ വെറുതെ ആശിപ്പിക്കരുത്.
  - കാര്യം സാധിക്കുന്നതിനുവേണ്ടി സേവനം ചെയ്യുകയും കാര്യം നേടികഴിഞ്ഞാൽ നിന്ദിക്കുകയും ചെയ്യുക.

* കണ്ടെത്തിയ ആശയത്തിൽനിന്ന് കുട്ടികൾ മനസ്സിലാക്കിയ കാര്യങ്ങൾ ഓരോരുത്തരായി പറയട്ടെ.
* കഥയുടെ/പാഠഭാഗത്തിന്റെ ഭാവം വെളിപ്പെടുത്തുന്ന മാതൃകയിൽ അധ്യാപിക വായിക്കണം.
* ചെന്നായയുടെ വാക്കുകളിൽനിന്ന് കുട്ടികൾ മനസ്സിലാക്കിയ കാര്യങ്ങൾ പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധപ്പെടുത്തുന്നു.
* ഗുണപാഠം കണ്ടെത്തുന്നു.
  'കണ്ടാലറിയാത്തവൻ കൊണ്ടാലറിയും'
  ആപത്തുകളെ മുൻകൂട്ടി കാണാത്തവൻ അത് വരുമ്പോൾ മനസ്സിലാക്കണം.



## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

* **അർത്ഥം**:
  - നിലവിളിച്ചു = ഉറക്കെകരഞ്ഞു
  - സമ്മാനം = പാരിതോഷികം
  - വഴി = പാത
  - ആശ = ആഗ്രഹം

* **ഉത്തരങ്ങൾ**:
  1. തൊണ്ടയിൽ എല്ലു കുടുങ്ങിയ വേദനകൊണ്ടാണ് ചെന്നായ നിലവിളിച്ചത്.
  2. എല്ലെടുത്ത് കളഞ്ഞാൽ കൊക്കിന് നിറയെ സമ്മാനങ്ങൾ നൽകാമെന്നാണ് ചെന്നായ കൊക്കിനോട് പറഞ്ഞത്.
  3. കൊക്കിന് സമ്മാനം കൊടുക്കാതെ തിന്നാതെ വിട്ടതാണ് സമ്മാനം എന്ന് ചെന്നായ പറഞ്ഞപ്പോൾ കൊക്കിന് നിരാശ തോന്നി.
  4. നിരാശ തോന്നിയ കൊക്ക് അവിടെനിന്നും പറന്നുപോയി.

* **മാതൃകപോലെ**:
  - പറന്ന് : പറന്നുപോയി
  - ഇരുന്ന് : ഇരുന്നുപോയി
  - കിടന്ന് : കിടന്നുപോയി
  - മറഞ്ഞ് : മറഞ്ഞുപോയി

* **ശരിയായ അക്ഷരം**:
  - കപ്പൽ
  - പട്ടണം
  - കൊക്ക്

- ഏത്തപ്പഴം
- പൂച്ച
- പത്തായം
- കത്ത്
- പിച്ചി
- പപ്പടം

## അഭ്യാസപുസ്തകം

✻ **ശരിയായ അക്ഷരം:**

- വേദന
- ആവശ്യപ്പെട്ടു
- ചെന്നായ
- നിലവിളിച്ചു

✻ **വാക്യം ക്രമപ്പെടുത്തുക:**

- അവൻ സഹായത്തിനായി നിലവിളിച്ചു.
- നിറയെ സമ്മാനങ്ങൾ നൽകാമെന്ന് ചെന്നായ പറഞ്ഞു.

✻ **പകരം പദം:**

- വഴിവക്കിൽ നിറയെ മരങ്ങൾ.
- സമ്മാനം ലഭിച്ച കുട്ടിയെ അനുമോദിച്ചു.

✻ **ശീർഷകം/തലക്കെട്ട് നൽകാം:**

- ഈ പ്രവർത്തനം സർഗാത്മകമാണ്.
- കഥ സമഗ്രമായി ഉൾക്കൊള്ളുന്ന ഒരു ശീർഷകം ആണ് വേണ്ടത്.
- അർഥം/ആശയം വ്യക്തമാക്കുന്ന പേരായിരിക്കണം.
- ആകർഷകമായിരിക്കണം.
- ലളിതവും ഹ്രസ്വവുമായിരിക്കണം.

✻ **ഉത്തരങ്ങൾ:**

1. • ചെന്നായയുടെ തൊണ്ടയിൽ ഒരു എല്ലു കുടുങ്ങി.
   • വേദനകൊണ്ട് അവൻ സഹായത്തിനായി നിലവിളിച്ചു.
2. തരാമെന്ന് ഏറ്റിരുന്ന സമ്മാനം ചെന്നായയുടെ കൈയ്യിൽനിന്ന് കിട്ടില്ല എന്നറിഞ്ഞ് കൊക്കിന് നിരാശ തോന്നി.



✻ **യോജിച്ച കൂട്ടക്ഷരം:**

- പട്ടയം
- കാക്ക
- പട്ടം
- തത്ത
- പിച്ചകം
- പച്ച

✻ **കൂട്ടക്ഷരങ്ങൾ:**

- രണ്ടോ അതിലധികമോ വ്യഞ്ജനങ്ങൾ ചേർന്നുണ്ടാകുന്ന അക്ഷരമാണ് കൂട്ടക്ഷരം.

ഉദാ: • ക് + ക = ക്ക • ക് + ള = ക്ല
• ശ് + ഗ = ശ്ര • പ് + പ = പ്പ

✻ **സ്വരാക്ഷരവും വ്യഞ്ജനാക്ഷരവും തമ്മിലുള്ള വ്യത്യാസം:**

- സ്വരങ്ങൾ ('അ' മുതൽ 'അഃ') തനിയെ ഉച്ചരിക്കാൻ സാധിക്കും.
- വ്യഞ്ജനാക്ഷരങ്ങൾ ഉച്ചരിക്കാൻ സ്വരത്തിന്റെ സഹായം ആവശ്യമാണ്.

ഉദാ: • ക് + അ = ക • ല് + അ = ല
• പ് + ഔ = പൗ

## പാഠം 5 ഒരു താരാട്ട്

### പഠനലക്ഷ്യങ്ങൾ

✻ താളബദ്ധമായി കവിത ചൊല്ലുക.
✻ കവിതകൾ ആശയം ഗ്രഹിക്കുക.
✻ കവിതകൾ ആസ്വദിക്കുക.
✻ കവിത മനഃപാഠമാക്കുക.
✻ സമാനകവിതകൾ കണ്ടെത്തുക.

### പഠനാവതരണം

✻ കുട്ടികളെ ഉറക്കാൻ എന്തുചെയ്യണം?
താരാട്ടു പാടണം.

* താരാട്ടു പാടിയുറക്കുന്നതാര്?

  അമ്മ

ഇങ്ങനെയുള്ള ചോദ്യോത്തരങ്ങളിലൂടെ കുട്ടിയുടെ അനുഭവങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്താൻ അധ്യാപിക ശ്രദ്ധിക്കണം.

**എന്റെ അമ്മ**
- സ്നേഹം
- ലാളന
- വാത്സല്യം
- താരാട്ടുപാട്ട്
- അമ്മിഞ്ഞപ്പാലിന്റെ മാധുര്യം

* ഇരയിമ്മൻതമ്പിയെഴുതിയ അതിമനോഹരമായ താരാട്ടുപാട്ടാണ് 'ഓമനത്തിങ്കൾക്കിടാവോ...' എന്നു തുടങ്ങുന്ന കവിത.
* അമ്മയ്ക്ക് കുഞ്ഞിനോടുള്ള സ്നേഹത്തിന്റെ പ്രതിഫലനം വ്യക്തമാക്കുന്ന കവിതയിലേക്ക് കടക്കുന്നതിനുമുൻപ് ഓരോ കുട്ടിയും അവരുടെ അമ്മയുമായുള്ള ചങ്ങാത്തത്തിന്റെ കഥ പറയട്ടെ. ശേഷം 'ഒരു താരാട്ട്' എന്ന കവിതയ്ക്ക് ഉചിതമായ താളം കണ്ടെത്തി ഉറക്കെ ചൊല്ലാം.

### ഓർക്കാം... മനസ്സിലാക്കാം

* അമ്മ കുഞ്ഞിനെ പലതരത്തിൽ സങ്കല്പിക്കുന്നു. ഓമനത്തിങ്കൾക്കിടാവായും, കോമളത്താരമപ്പൂവായും പൂവിൽ നിറഞ്ഞ തേനായും, പൂർണ്ണചന്ദ്രന്റെ പൂനിലാവായും പുത്തൻ പവിഴക്കൊടിയായും തത്തകൾ കൊഞ്ചുന്ന മൊഴിയായും ചാഞ്ചാടിയാടുന്ന മയിലായും പഞ്ചമം പാടുന്ന കുയിലായും കുഞ്ഞിനെ കാണുന്ന അമ്മയെ 'ഒരു താരാട്ടിൽ' കാണാൻ സാധിക്കും.



## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

* **ഒറ്റവാക്കിൽ ഉത്തരം**:
  - ചാഞ്ചാടിയാടുന്നതാര്? മയിൽ
  - പഞ്ചമം പാടുന്നതാര്? കുയിൽ
  - പൂവിൽ നിറഞ്ഞതെന്ത്? മധു
  - കൊഞ്ചുംമൊഴി ആരുടേതാണ്? ചെറുതത്തകളുടെ
* **ചേർത്തെഴുതുക**:
  - പൂർണ + ഇന്ദു : പൂർണേന്ദു
  - മൊഴി + ഓ : മൊഴിയോ
  - ഓമന + തിങ്കൾ : ഓമനത്തിങ്കൾ
* **പിരിച്ചെഴുതുക**:
  - പവിഴക്കൊടി : പവിഴ + കൊടി
  - ചാഞ്ചാടിയാടും : ചാഞ്ചാടി + ആടും
* **ശരിയേത്?**:
  - മൃദു
  - മധു
* **കൂട്ടക്ഷരങ്ങൾ**:
  - ഓമനത്തിങ്കൾ
  - ചാഞ്ചാടി
  - പവിഴക്കൊടി
  - പഞ്ചമം
  - തത്തകൾ
  - പൂർണേന്ദു
  - താമരപ്പൂവ്
  - പുത്തൻ
* **ഉചിതമായവ**:
  - പൂവിൽനിറഞ്ഞ : മധു
  - പൂർണേന്ദു തന്റെ : നിലാവ്
  - ചാഞ്ചാടിയാടും : മയിൽ
  - പഞ്ചമം പാടും : കുയിൽ

**അഭ്യാസപുസ്തകം**

✻ **അർത്ഥം**:

- മൊഴി = വാക്ക്
- മധു = തേൻ
- കിടാവ് = കുട്ടി
- പഞ്ചമം = ഒരു രാഗം, അഞ്ചാമത്തേത്

✻ **ശരിയായ അക്ഷരം**:

- ഓമനത്തിങ്കൾ
- പവിഴക്കൊടി
- ചെറുതത്തകൾ
- താമരപ്പൂവ്

✻ **പര്യായം**:

- താമര : കമലം, അംബുജം
- കുയിൽ : കോകിലം, പികം
- തേൻ : മധു, മരന്ദം
- മയിൽ : മയൂരം, കേകി
- കോമളം : മനോഹരം, സുന്ദരം

✻ **ശരിയായ ഉത്തരം**:

- കുയിൽ
- മധു
- മയിൽ
- തത്ത

✻ **കവിത എഴുതാം**:

കവിതയിലെ അമ്മയുടെ സങ്കല്പം-
സ്വന്തം അനുഭവം തമ്മിലുള്ള ഒരു താരതമ്യം കുട്ടി നടത്തട്ടെ. കുട്ടി അമ്മയെപ്പറ്റി ഒരു കവിത സ്വയം തയ്യാറാക്കട്ടെ.

✻ **ശേഖരണം**:

കുട്ടികൾ അവർക്കറിയാവുന്ന താരാട്ടുപാട്ടുകൾ കണ്ടെത്തട്ടെ.



- ഉണ്ണിയുറങ്ങ്...
- ഉണ്ണി വാവാവോ... പൊന്നുണ്ണി...
- ചാഞ്ചാടിയാട്...
- കണ്ണും പൂട്ടിയുറങ്ങ്...

## പാഠം 6 **ദേശീയപതാക**

**പഠനലക്ഷ്യങ്ങൾ**

✻ ദേശസ്നേഹം വളരുന്നു.

✻ അഭിമാനബോധം ഉണ്ടാകുന്നു.

✻ ദേശീയപതാകയെപ്പറ്റി അറിയുന്നു.

✻ 'ഒരുമ തന്നെ ബലം' എന്നറിയുന്നു.

✻ 'ഭാരതീയർ ഒന്ന്' മനസ്സിലാക്കുന്നു.

**പഠനാവതരണം**

'പാറട്ടങ്ങനെ ഭാരതനാടിൻ
മൂവർണ്ണക്കൊടി പാറട്ടെ!
ഭാരതനാടിൻ പൊൻകൊടി
ഉയരെ ഉയരെ പാറട്ടെ'.

എന്ന വരികൾ ചാർട്ടിലിടുക. കുട്ടികളോട് ഈണവും താളവും കണ്ടെത്താൻ നിർദ്ദേശിക്കാം.

✻ വരികൾക്ക് ഉചിതമായ രീതിയിൽ പതാക നിർമ്മിക്കാൻ കുട്ടികളെ അധ്യാപികയ്ക്കു സജ്ജമാക്കാം.

✻ പതാക നിർമ്മിച്ച് ഉചിതമായ നിറം ഭംഗിയായി നൽകാം. നന്നായി ചെയ്ത കുട്ടികളെ അഭിനന്ദിക്കാം.

✻ ദേശീയപതാക പരിചയപ്പെടുത്തികൊണ്ട് പാഠഭാഗത്തേയ്ക്ക് കടക്കാം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

✻ **സമാനപദങ്ങൾ**:

- വർണ്ണം = നിറം
- പതാക = കൊടി
- ഭംഗി = മനോഹരം
- ത്യാഗം = ത്യജിക്കൽ

✻ **ഉത്തരങ്ങൾ**:

1. മൂന്ന് നിറങ്ങൾ. കുങ്കുമവർണ്ണം, വെളുപ്പ്, പച്ച
2. മൂന്നുനിറങ്ങൾ ഉള്ളതുകൊണ്ടാണ് മൂവർണ്ണക്കൊടി എന്നു പറയുന്നത്.
3. വിശുദ്ധനിറമായി പതാകയിലുള്ളത് വെള്ളനിറമാണ്.
4. പച്ചനിറം പ്രകൃതിഭംഗിയെ സൂചിപ്പിക്കുന്നു.
5. കുങ്കുമനിറം ത്യാഗത്തിന്റെ നിറമാണ്.

### അഭ്യാസപുസ്തകം

✻ **സമാനപദങ്ങൾ**:

- വർണ്ണം ⇢ നിറം
- പതാക ⇢ കൊടി
- ഭംഗി ⇢ മനോഹരം
- ത്യാഗം ⇢ ത്യജിക്കൽ

✻ **ശരിയേത്?**

- സ്വാതന്ത്ര്യം

✻ **ഒറ്റവാക്കിൽ ഉത്തരം**:

- മൂവർണ്ണം
- പ്രകൃതിഭംഗി
- വിശുദ്ധനിറം

✻ **ക്രമപ്പെടുത്താം**:

- പച്ചനിറം പ്രകൃതിഭംഗിയെ സൂചിപ്പിക്കുന്നു.

✻ **ഉത്തരങ്ങൾ**:

1. ഭാരതം



2. മൂന്ന് നിറങ്ങൾ. കുങ്കുമവർണ്ണം, വെളുപ്പ്, പച്ച
3. പച്ചനിറം പ്രകൃതിഭംഗിയെ സൂചിപ്പിക്കുന്നു.
4. വെള്ളനിറമാണ് വിശുദ്ധനിറമായി അറിയപ്പെടുന്നത്.

✻ **ഭാരതത്തിന്റെ പേരെഴുതാം**:

- നാനാത്വത്തിൽ ഏകത്വം
- വസുദൈവ കുടുംബകം
- മതേതരത്വം...

എന്നീ ആശയങ്ങൾ കണ്ടെത്താം; ചർച്ച ചെയ്യാം.

## പാഠം 7 ഓണം

### പഠനലക്ഷ്യങ്ങൾ

✻ ഓണത്തിന്റെ ഐതിഹ്യം.

✻ ദേശീയോത്സവം - ഓണം.

✻ ആഘോഷരീതികൾ.

✻ ഓണക്കാഴ്ചകൾ കണ്ടെത്തുന്നു.


✻ ഓണത്തിന്റെ മാറുന്ന മുഖം തിരിച്ചറിയുന്നു.

### പഠനാവതരണം

✻ മനോഹരമായ പൂക്കളത്തിന്റെ ചിത്രം ചാർട്ടിലിടുക. അല്ലെങ്കിൽ ബോർഡിൽ വരയ്ക്കുക.

✻ ഓണപ്പൂക്കളത്തെക്കുറിച്ച് കുട്ടികളുടെ അറിവ് പങ്കുവയ്ക്കട്ടെ. തുടർന്ന് ഓണക്കാലത്തേക്കും, ഓണക്കാലനുഭവങ്ങളിലേക്കും അവർ കടന്നുചെല്ലട്ടെ.

✻ അധ്യാപിക - പദസൂര്യനിലൂടെ ഓണത്തെ പറ്റി വിശാലമായ ഒരു കാഴ്ച ഉണ്ടാക്കിക്കൊടുക്കുന്നു.




* ഓണത്തെക്കുറിച്ചുള്ള ഐതിഹ്യം അധ്യാപിക കഥാരൂപത്തിൽ പറയട്ടെ.
* കുട്ടികൾ മനസ്സിലായ കാര്യം എഴുതട്ടെ.
* കുട്ടികൾ എഴുതിയ കുറിപ്പുകൾ വായിക്കുകയും, 'ഓണം' എന്ന പാഠഭാഗം അധ്യാപിക കുട്ടികൾക്ക് പരിചയപ്പെടുത്തണം.

**കണ്ടെത്താം; മനസ്സിലാക്കാം**

* മാറുന്ന ഓണാഘോഷം - ചർച്ച നടത്താം.
* 'ഓണം അന്നും ഇന്നും' - പ്രസംഗാവതരണം.
* ഓണചൊല്ലുകൾ പറയാം.
* ഓണക്കളികൾ കണ്ടെത്താം.
* ഓണപ്പാട്ടുകൾ/കവിതകൾ ശേഖരിക്കാം.
* 'ഓണം നമ്മുടെ ദേശീയോത്സവം' - ഉപന്യാസം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

* **അർത്ഥം**:
  - ഭേദം = വ്യത്യാസം
  - നാൾ = ദിവസം



  - ആണ്ട് = വർഷം
  - മന്നൻ = രാജാവ്
  - പ്രസിദ്ധം = പ്രശസ്തം

* **പൂരിപ്പിക്കുക**:
  - കേരളം
  - ഓണം
  - തിരുവോണം
  - മാവേലിമന്നൻ

* **ഉത്തരങ്ങൾ**:

1. ഓണത്തിന് നമ്മെ കാണാനെത്തുന്ന രാജാവ് മഹാബലിയാണ്.
2. സ്നേഹത്തിന്റെയും ഒത്തൊരുമയുടെയും ആഘോഷമാണ് ഓണം.
3. ചിങ്ങമാസത്തിലെ അത്തം മുതൽ തിരുവോണം നാൾ വരെയാണ് നാം ഓണം ആഘോഷിക്കുന്നത്.
4. നമ്മുടെ ദേശീയോത്സവമാണ് ഓണം.
5. ഊഞ്ഞാലാട്ടം, പുലികളി, വള്ളംകളി എന്നിവയാണ് പ്രധാനപ്പെട്ട ഓണക്കാലകളികൾ.

* **ഓണവിഭവങ്ങൾ**:
  - ഉപ്പേരി
  - കാളൻ
  - സാമ്പാർ
  - കട്ടിപ്പരിപ്പ്
  - തിയ്യൽ
  - കൂട്ടുകറി
  - അവിയൽ
  - പച്ചടി
  - പായസം
  - പപ്പടം

* **ഓണക്കളികൾ**
  - ഊഞ്ഞാലാട്ടം
  - പുലികളി
  - ഓണത്തല്ല്
  - വള്ളംകളി
  - തലപന്തുകളി
  - കുഴിപ്പന്തുകളി

**അഭ്യാസപുസ്തകം**

* **പൂരിപ്പിക്കുക**:
  - കേരളീയർ
  - ചിങ്ങം
  - ആഘോഷം
  - ജാതിമതഭേദം
  - ഐതിഹ്യം
  - ദേശീയോത്സവം

* **പര്യായം**:
  - മന്നൻ : നൃപൻ, രാജാവ്
  - പൂവ് : മലർ, പുഷ്പം
  - ദിനം : നാൾ, ദിവസം

* **ഉത്തരങ്ങൾ**:

1. കേരളം
2. തിരുവോണം
3. മഹാബലി
4. ചിങ്ങം

* **ആൽബം തയ്യാറാക്കാം**:
  - ഓണവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു. ശേഖരിച്ച ചിത്രങ്ങൾ, വിവരങ്ങൾ ഭംഗിയായി ചേർത്ത് ഒരു ആൽബം തയ്യാറാക്കാൻ നിർദ്ദേശിക്കാം.

### ഓണചൊല്ലുകൾ കണ്ടെത്താം

* അത്തം കറുത്താൽ ഓണം വെളുക്കും.
* ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടുപുര.
* കാണം വിറ്റും ഓണം ഉണ്ണണം.
* ഉള്ളതുകൊണ്ട് ഓണം പോലെ.
* ഓണം വരാനൊരു മൂല വേണം.

### പാടാം രസിക്കാം

* 'മാവേലി നാടു വാണീടും കാലം
  മാനുഷരെല്ലാരും....'

കുട്ടികളെ സംഘങ്ങളായി തിരിച്ച് താളാത്മകമായി പാടാം.



## പാഠം 8 ഉണ്ണിക്കണ്ണൻ

### പഠനലക്ഷ്യങ്ങൾ

* ഉണ്ണിക്കണ്ണനെ അറിയുന്നു.
* കൂട്ടക്ഷരം മനസ്സിലാക്കുന്നു.
* പൂന്താനം - പ്രാചീനകവിയെപറ്റി കേൾക്കുന്നു.
* ശൈശവം/ബാല്യം - അനുഭവം പങ്കുവയ്ക്കുന്നു.
* ഈണവും താളവും കണ്ടെത്തി കവിത അവതരിപ്പിക്കുന്നു.

### പഠനാവതരണം

* ശ്രീകൃഷ്ണന്റെ ചിത്രം കാണിച്ച് പാഠഭാഗത്തേയ്ക്ക് കടക്കാം. കുട്ടികൾക്ക് പരിചിതമാണ്.
* ഉണ്ണിക്കണ്ണനെപറ്റി കുട്ടികൾക്ക് എന്തറിയാം.
  - ഉണ്ണിക്കണ്ണൻ - ശ്രീകൃഷ്ണൻ
  - അമ്പാടിയിലെ ഉണ്ണി
  - വെണ്ണക്കൊതിയൻ
  - ഓടക്കുഴൽ നാദം

| | | |
|---|---|---|
| **പിതാവ്** | : | **വസുദേവൻ** |
| **മാതാവ്** | : | **ദേവകി** |
| **വളർത്തച്ഛൻ** | : | **നന്ദഗോപർ** |
| **വളർത്തമ്മ** | : | **യശോദ** |

  - കവിത ഈണത്തിൽ ചൊല്ലുന്നു. ആശയം വ്യക്തമാക്കുന്നു.

### പൂന്താനം - കവിപരിചയം

* ഭക്തകവി.
* 16-ാം ശതകത്തിൽ ജീവിച്ചിരുന്നു.